05.08.2020

**From**

ഡോ ചാക്കോ ജോസ് പി

അസ്സോസിയേറ്റ് പ്രൊഫസർ

സാമ്പത്തിക ശാസ്ത്ര വിഭാഗം

സേക്രട്ട് ഹാർട്ട് കോളേജ്, ചാലക്കുടി

(ചെയർപേഴ്സൺ, കൊണ്ടാഴി - കുത്താമ്പുള്ളി പാലം, അനുബന്ധ റോഡ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് നടത്തിയ സാമൂഹിക ആഘാത പഠന റിപ്പോർട്ട് വിലയിരുത്താൻ ബഹുമാനപ്പെട്ട തൃശ്ശൂർ ജില്ലാ കലക്ടർ രൂപീകരിച്ച വിദഗ്ധ സമിതി)

**To**

ജില്ലാ കലക്ടർ

തൃശ്ശൂർ

~~മാഡം~~, Sir,

**വിഷയം** :കൊണ്ടാഴി - കുത്താമ്പുള്ളി പാലം, അനുബന്ധ റോഡ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് സാമൂഹ്യ പ്രത്യാഘാത യൂണിറ്റ് 'യൂത്ത് സോഷ്യൽ സർവീസ് ഓർഗനൈസേഷൻ , കോതമംഗലം' തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത റിപ്പോർട്ട് വിലയിരുത്തുന്നതിനായി ബഹുമാനപ്പെട്ട തൃശ്ശൂർ ജില്ലാ കലക്ടർ നിയമിച്ച വിദഗ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നു

**സൂചന** :1. ബഹുമാനപ്പെട്ട തൃശ്ശൂർ ജില്ലാ കളക്ടറുടെ ഉത്തരവ് നമ്പർ DCTSR/3502/2018-E4 **തീയതി** :13.07.2020

2: 2020 ജൂലൈ 16നു ചേർന്ന വിദഗ്ധ സമിതിയുടെ അവലോകന യോഗത്തിന്റെ മിനിട്സ്, 2019 ജൂലൈ 30 നു നടന്ന സ്ഥല സന്ദർശനത്തിന്റെയും യോഗത്തിന്റെയും മിനിട്സ്.

സൂചനകളിലേക്കു അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1) ഉത്തരവ് പ്രകാരം വിലയിരുത്തൽ അന്തിമ റിപ്പോർട്ടും യോഗങ്ങളുടെ മിനിട്സ് സഹിതം മേൽ നടപടികൾക്കായി ഇതോടൊപ്പം സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

ഡോ ചാക്കോ ജോസ് പി

(സമിതി ചെയർപേഴ്സൺ)

പകർപ്പ്: വിദഗ്ധ സമിതി അംഗങ്ങൾക്ക്, മിനിട്സ് പകർപ്പ് സഹിതം

**RFCT LARR Act 2013(The Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act 2013) പ്രകാരം, തൃശൂർ ജില്ലയിലെ കൊണ്ടാഴി - കുത്താമ്പുള്ളി പാലം, അനുബന്ധ റോഡ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് നടത്തിയ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്താൻ ബഹുമാനപ്പെട്ട തൃശൂർ ജില്ലാ കലക്ടർ രൂപീകരിച്ച വിദഗ്ധ സമിതിയുടെ അന്തിമ റിപ്പോർട്ട്**

തൃശൂർ ജില്ലയിലെ കൊണ്ടാഴി - കുത്താമ്പുള്ളി പാലം, അനുബന്ധ റോഡ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് നടത്തിയ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്താൻ ബഹുമാനപ്പെട്ട തൃശൂർ ജില്ലാ കലക്ടർ ഉത്തരവ് DCTSR/3502/2018-E4 dt.13.07.2020 പ്രകാരം ഏഴംഗ വിദഗ്ധ സമിതി രൂപീകരിച്ചു. 2020 ജൂലൈ 16ന് ചേർന്ന വിദഗ്ധ സമിതി യോഗത്തിന്റെയും ജൂലൈ 30ന് നടന്ന സ്ഥല സന്ദർശനത്തിന്റെയും അടിസ്ഥാനത്തിൽ സമിതി സമർപ്പിക്കുന്ന അന്തിമ റിപ്പോർട്ട്.

**വസ്തുതകൾ**

1. തൃശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ കൊണ്ടാഴി, കണിയാർകോട് വില്ലേജുകളിൽ ഉൾപ്പെടുന്ന പ്രദേശത്ത്, തിരുവില്വാമല - കൊണ്ടാഴി പഞ്ചായത്തുകളെ ബന്ധിപ്പിച്ചുകൊണ്ട് നിർമ്മിക്കുന്ന പാലത്തിന്റെ ആകെ നീളം 183.30 മീറ്ററാണ്. അനുബന്ധ റോഡിന്റെ നീളം കുത്താമ്പുള്ളി ഭാഗത്ത് 740 മീറ്ററും കൊണ്ടാഴി ഭാഗത്ത് 300 മീറ്ററുമാണ്.
2. നിർദ്ദിഷ്ട പദ്ധതിക്കായി 1.6069 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. പദ്ധതി പ്രദേശത്ത് ഫലദായക വൃക്ഷങ്ങളുള്ള ഭൂമിയാണുള്ളത്.
3. ചീരക്കുഴി ഇറിഗേഷൻ കനാൽ ഉൾപ്പെടുന്ന ഭൂമിയും പദ്ധതിക്കായി ഏറ്റെടുക്കുന്നതിൽ ഉൾപ്പെടുന്നു. പ്രസ്തുത സ്ഥലത്ത് 800 സ്ക്വയർ മീറ്ററിൽ, താമസമുള്ള കെട്ടിടവും അതിൽ

തന്നെ ഉൾപ്പെടുന്ന ഹോട്ടൽ, ഷീറ്റ് മേഞ്ഞ ചെറിയ മുറി, സ്റ്റോർ റൂം എന്നിവ ഉൾപ്പെടുന്നു. ഈ വസ്തുക്കൾ പുറമ്പോക്കിലാണെന്നും പട്ടയം ലഭിച്ചിട്ടില്ലെന്നും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിൽ പരാമർശിക്കുന്നു.

4. സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് തയ്യാറാക്കാൻ വിളിച്ചുചേർത്ത പൊതുവിസ്താരത്തിൽ ഭൂമി നഷ്ടമാകുന്ന എല്ലാ വ്യക്തികളും ന്യായമായ നഷ്ടപരിഹാരം ലഭിച്ചാൽ സ്ഥലം വിട്ടുകൊടുക്കാൻ തയ്യാറാണ് എന്നാണ് അറിയിച്ചിരിക്കുന്നത്.

5. പ്രസ്തുത പദ്ധതിക്കായി ഇതര മാർഗ്ഗങ്ങളോ, ഇതിനെക്കാൾ അനുയോജ്യമായ സ്ഥലമോ കണ്ടെത്താനായില്ല എന്ന് റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നു.

6. 'ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013' വിശകലനം ചെയ്യുമ്പോൾ നിർദ്ദിഷ്ട പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാതങ്ങൾ കൈകാര്യം ചെയ്യുവാൻ നിയമാനുസൃതമായ നഷ്ടപരിഹാര നടപടികൾ മതിയാകും എന്നും റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്നു.

7. പാലം പൂർത്തിയാകുന്നത് പ്രദേശത്തെ പരമ്പരാഗത നെയ്ത്ത് വ്യവസായത്തിനും കൃഷിക്കും ചെറുകിട വ്യവസായങ്ങൾക്കും വിനോദസഞ്ചാരത്തിനും വലിയ നേട്ടമായിരിക്കും. ഏതാണ്ട് ഒറ്റപ്പെട്ട് കിടക്കുന്ന കുത്താമ്പുള്ളി ഗ്രാമത്തിൽ സാമ്പത്തികവും സാമൂഹികവുമായ മാറ്റങ്ങൾക്ക് വഴിതെളിക്കുന്നതായിരിക്കും പുതിയ പാലം. പദ്ധതി പൂർത്തിയാകുന്നതോടെ ചുറ്റുമുള്ള ഗ്രാമങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകുന്നതിനും സാമ്പത്തിക വളർച്ച ഉണ്ടാകുന്നതിനും ഇടയാകും

**വിദഗ്ധ സമിതി താഴെപ്പറയുന്ന വസ്തുതകൾ ബോധ്യപ്പെടുത്തുന്നു**

1. കൊണ്ടാഴി - കുത്താമ്പുള്ളി പാലത്തിനും അനുബന്ധ റോഡുകൾക്കും ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ അളവ് പദ്ധതിക്ക് ആവശ്യമായിട്ടുള്ളതാണ്.

2. ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്ന പദ്ധതിക്ക് കുടിയൊഴിപ്പിക്കൽ നാമമാത്രമാണ്. കുടിയൊഴിപ്പിക്കൽ സാധ്യത ഇതിലും കുറവുള്ള മറ്റ് സ്ഥലങ്ങൾ പദ്ധതി പ്രദേശത്ത് ലഭ്യമല്ല.

3. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങൾ വിദഗ്ധ സമിതിക്ക് ബോധ്യപ്പെട്ടു. വിദഗ്ധ സമിതി റിപ്പോർട്ട് അംഗീകരിക്കുന്നു.

4. ഭൂമി നഷ്ടമാകുന്നവർക്ക് ന്യായമായ നഷ്ടപരിഹാരം യഥാസമയം നൽകേണ്ടതാണ്. കൂടാതെ, പുറമ്പോക്കിൽ താമസിച്ചു വരുന്നവർക്ക് / ഭൂമി നഷ്ടപ്പെടുന്നവർക്ക് നിയമം അനുവദിക്കുന്ന നഷ്ടപരിഹാരം യഥാസമയം നൽകേണ്ടതാണ്. ഭൂമിയും വസ്തുക്കളും നഷ്ടപ്പെടുന്നവർക്ക് ന്യായമായ നഷ്ടപരിഹാരം യഥാസമയം നൽകുന്നതാണ് സാമൂഹ്യ ആഘാതം ഇല്ലാതാക്കുവാനോ, ലഘൂകരിക്കാനോ, നഷ്ടം നികത്തുവാനോ ഉതകുന്ന ഏറ്റവും ഫലപ്രദമായ മാർഗ്ഗം. കൂടാതെ, ഏറ്റെടുക്കുന്ന ഭൂമിയിലെ മരങ്ങൾക്കും മറ്റ് സ്ഥാവര വസ്തുക്കൾക്കും അർഹമായ നഷ്ടപരിഹാരം പുനരധിവാസ പാക്കേജിൽ ഉൾപ്പെടുത്തേണ്ടതാണ്.

5. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിൽ(പേജ് 53) പദ്ധതി ബാധിത പ്രദേശം പുനഃസ്ഥാപനത്തിനും പുനരധിവാസത്തിനും വരുന്ന ചെലവ് കണക്കാക്കിയിട്ടില്ല എന്ന് പ്രസ്താവിച്ചിരിക്കുന്നു. ബന്ധപ്പെട്ട സമിതി നഷ്ടപരിഹാര വിതരണത്തിനായി ഒരു പ്രത്യേക ബജറ്റ് വകയിരുത്തണം എന്നും പഠന റിപ്പോർട്ടിൽ(പേജ് 50) നിർദ്ദേശിച്ചിരിക്കുന്നു. ഇത് അടിയന്തിര പ്രാധാന്യം അർഹിക്കുന്ന നിർദ്ദേശമായതിനാൽ എത്രയും പെട്ടെന്ന് തീരുമാനം എടുക്കണമെന്ന് വിദഗ്ധ സമിതി ശുപാർശ ചെയ്യുന്നു.

പദ്ധതി നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന പ്രയോജനങ്ങൾ പദ്ധതിയുടെ ഭാഗമായി ഉണ്ടാകുന്ന സാമൂഹ്യ ചെലവുകളെയും സാമൂഹ്യ പ്രത്യാഘാതങ്ങളെയും അപേക്ഷിച്ച് വളരെ കൂടുതലാണെന്ന് സമിതിക്ക് ബോധ്യപ്പെട്ടു.

ആയതിനാൽ 'ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013'(RFCT LARR Act 2013)ലെ വ്യവസ്ഥകൾക്ക് വിധേയമായും പൊതു ആവശ്യത്തിന് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് ബാധകമായ മറ്റ് നിയമങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായും അർഹമായ നഷ്ടപരിഹാരം നൽകിക്കൊണ്ട് കൊണ്ടാഴി - കുത്താമ്പുള്ളി പാലത്തിനും അനുബന്ധ റോഡുകൾക്കും ഭൂമി ഏറ്റെടുക്കുവാൻ വിദഗ്ധ സമിതി ശുപാർശ ചെയ്യുന്നു.

ജൂലൈ 30ന് ചേർന്ന വിദഗ്ധ സമിതി യോഗം ചുമതലപ്പെടുത്തിയത് പ്രകാരം ചെയർപേഴ്സൺ റിപ്പോർട്ട് സമർപ്പിക്കുന്നു.

വിദഗ്ധ സമിതി ചെയർപേഴ്സൺ

(ഡോ.ചാക്കോ ജോസ് പി)

തൃശൂർ

05.08.2020

## തൃശ്ശൂർ ജില്ലയിലെ കൊണ്ടാഴി - കുത്താമ്പുള്ളി പാലം, അനുബന്ധ റോഡ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് നടത്തിയ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്താൻ ബഹുമാനപ്പെട്ട തൃശ്ശൂർ ജില്ലാ കലക്ടർ രൂപീകരിച്ച വിദഗ്ധ സമിതിയുടെ യോഗം

തിയ്യതി : 30.07.2020

കൊണ്ടാഴി - കുത്താമ്പുള്ളി പാലം, അനുബന്ധ റോഡ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥല സന്ദർശനവും യോഗവും

ഹാജർ - .സമിതി അംഗങ്ങൾ

| No | സമിതി അംഗത്തിന്റെ പേരും വിലാസവും | ഒപ്പ് |
|---|---|---|
| 1 | ഡോ. ചാക്കോ ജോസ് പി .<br>(സാമൂഹ്യ ശാസ്ത്രജ്ഞൻ -<br>വിദഗ്ധ സമിതി ചെയർപേഴ്സൺ) | |
| 2 | ഡോ. ജോർജ്ജ് അലക്സ്<br>(സാമൂഹ്യ ശാസ്ത്രജ്ഞൻ) | |
| 3 | ശ്രീ. പി .കെ. ഗോപാലൻ,<br>(പുനരധിവാസ പ്രവർത്തന വിദഗ്ധൻ) | |
| 4 | ശ്രീ. രാമചന്ദ്രൻ സി.സി ,<br>(പുനരധിവാസ പ്രവർത്തന വിദഗ്ധൻ) | |
| 5 | ശ്രീ. സന്തോഷ് കുമാർ എം.കെ.<br>അസി. എക്സി. എഞ്ചിനീയർ,<br>PWD പാലങ്ങൾ ഉപവിഭാഗം, തൃശ്ശൂർ | |
| 6 | ശ്രീമതി. സത്യഭാമ പി.കെ.,<br>മെമ്പർ - വാർഡ് 4 ,<br>കൊണ്ടാഴി ഗ്രാമ പഞ്ചായത്ത് | |
| 7 | ശ്രീ. ലക്ഷ്മണൻ,<br>മെമ്പർ - വാർഡ് 1 ,<br>തിരുവില്വാമല ഗ്രാമ പഞ്ചായത്ത് | |

### യോഗ തീരുമാനങ്ങൾ

സമിതി അംഗങ്ങൾ ചെയർപേഴ്സൺ ഡോ. ചാക്കോ ജോസ് പി യുടെ അധ്യക്ഷതയിൽ കൊണ്ടാഴി - കുത്താമ്പുള്ളി പാലം, അനുബന്ധ റോഡ് എന്നിവ നിർമിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം സന്ദർശിച്ചു.

2020 ജൂലൈ 30ന് പദ്ധതി പ്രദേശം സമിതി അംഗങ്ങൾ സന്ദർശിച്ചു. സമിതിയിലെ എല്ലാ അംഗങ്ങളും സന്നിഹിതരായിരുന്നു. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങൾ സമിതി നേരിൽ കണ്ട് വിലയിരുത്തി.

1. തൃശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ കൊണ്ടാഴി, കണിയാർകോട് വില്ലേജുകളിൽ ഉൾപ്പെടുന്ന പ്രദേശത്ത്, തിരുവില്വാമല - കൊണ്ടാഴി പഞ്ചായത്തുകളെ ബന്ധിപ്പിച്ചുകൊണ്ട്, ഗായത്രി പുഴയ്ക്ക് കുറുകെയാണ് നിർദ്ദിഷ്ട പാലവും അനുബന്ധ റോഡും നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്.

തിരുവില്വാമല - കൊണ്ടാഴി പഞ്ചായത്തുകളെ ബന്ധിപ്പിച്ചുകൊണ്ട് നിർമ്മിക്കുന്ന പാലത്തിന്റെ ആകെ നീളം 183.30 മീറ്ററാണ്. വീതി 11.05 മീറ്ററാണ്. ഇരുവശത്തും ഫുട്പാത്തുമുണ്ട്. അനുബന്ധ റോഡിന്റെ നീളം കുത്താമ്പുള്ളി ഭാഗത്ത് 740 മീറ്ററും വീതി 15 മീറ്ററുമാണ്. കൊണ്ടാഴി ഭാഗത്ത് 300 മീറ്ററും വീതി 15 മീറ്ററുമാണ്.

2. നിർദ്ദിഷ്ട പദ്ധതിക്കായി 1.6069 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. പദ്ധതി പ്രദേശത്ത് ഫലദായക വൃക്ഷങ്ങളുള്ള ഭൂമിയാണുള്ളത്. പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുമ്പോൾ തെങ്ങ്, കവുങ്ങ്, തേക്ക്, മാവ്, വാഴ, പ്ലാവ്, മട്ടി, മുള, പാഴ്മരങ്ങൾ എന്നിവയാണ് പ്രധാനമായും നഷ്ടമാകുന്നത്. ഇരുമ്പ് ഗേറ്റ്, മതിൽ, കോൺക്രീറ്റ് തൂണുകൾ, ജലസേചനത്തിനായുള്ള ടാങ്ക് തുടങ്ങിയ ചില നിർമ്മിതികളും നഷ്ടമാകുന്നു.

3. ചീരക്കുഴി ഇറിഗേഷൻ കനാൽ ഉൾപ്പെടുന്ന ഭൂമിയും പദ്ധതിക്കായി ഏറ്റെടുക്കുന്നതിൽ ഉൾപ്പെടുന്നു. പ്രസ്തുത സ്ഥലത്ത് 800 സ്ക്വയർ മീറ്ററിൽ, താമസമുള്ള കെട്ടിടവും അതിൽ തന്നെ ഉൾപ്പെടുന്ന ഹോട്ടൽ, ഷീറ്റ് മേഞ്ഞ ചെറിയ മുറി, സ്റ്റോർ റൂം എന്നിവ ഉൾപ്പെടുന്നു. ഈ വസ്തുക്കൾ പുറമ്പോക്കിലാണെന്നും പട്ടയം ലഭിച്ചിട്ടില്ലെന്നും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ടിൽ പരാമർശിക്കുന്നു.

4. സാമൂഹ്യാഘാത പഠന റിപ്പോർട്ട് തയ്യാറാക്കാൻ വിളിച്ചുചേർത്ത പൊതുവിസ്താരത്തിൽ ഭൂമി നഷ്ടമാകുന്ന എല്ലാ വ്യക്തികളും ന്യായമായ നഷ്ടപരിഹാരം ലഭിച്ചാൽ സ്ഥലം

വിട്ടുകൊടുക്കാൻ തയ്യാറാണ് എന്നാണ് അറിയിച്ചിരിക്കുന്നത്. പ്രസ്തുത യോഗത്തിൽ പ്രധാനമായും അധികാരിസമക്ഷം ഉന്നയിക്കപ്പെട്ട പ്രധാന ആക്ഷേപം ഭൂമിയുടെ വില നിർണ്ണയത്തെക്കുറിച്ചും പുറമ്പോക്ക് ഭൂമിയിൽ ഉൾപ്പെടുന്നവർക്കുള്ള ആനുകൂല്യത്തെക്കുറിച്ചുമാണെന്ന് റിപ്പോർട്ടിൽ പറയുന്നു. പ്രസ്തുത യോഗത്തിൽ അർത്ഥനാധികാരികൾ മറുപടി കൊടുത്തതായും റിപ്പോർട്ടിൽ(പേജ് 31-32) പരാമർശിച്ചിരിക്കുന്നു.

5. പ്രസ്തുത പദ്ധതിക്കായി ഇതര മാർഗ്ഗങ്ങളോ, ഇതിനെക്കാൾ അനുയോജ്യമായ സ്ഥലമോ കണ്ടെത്താനായില്ല എന്ന് റിപ്പോർട്ടിൽ (പേജ് 12) പ്രസ്താവിച്ചിരിക്കുന്നു.

6. 'ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013' വിശകലനം ചെയ്യുമ്പോൾ നിർദ്ദിഷ്ട പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാതങ്ങൾ കൈകാര്യം ചെയ്യുവാൻ നിയമാനുസൃതമായ നഷ്ടപരിഹാര നടപടികൾ മതിയാകും എന്നും റിപ്പോർട്ടിൽ(പേജ് 12) പ്രതിപാദിച്ചിരിക്കുന്നു.

7. ഭൂമി നഷ്ടമാകുന്നവർക്ക് ന്യായമായ നഷ്ടപരിഹാരം യഥാസമയം നൽകേണ്ടതാണ്. കൂടാതെ പുറമ്പോക്കിൽ താമസിച്ചു വരുന്നവർക്ക് / ഭൂമി നഷ്ടപ്പെടുന്നവർക്ക് നിയമം അനുവദിക്കുന്ന നഷ്ടപരിഹാരം യഥാസമയം നൽകേണ്ടതാണ്.

8. കൊണ്ടാഴി ഭാഗത്ത് കായാംപൂവം - ഒറ്റപ്പാലം PWD റോഡിലേക്കാണ് പാലം കൂടിച്ചേരുന്നത്. പാലം പൂർത്തിയാകുന്നത് പ്രദേശത്തെ പരമ്പരാഗത നെയ്ത്ത് വ്യവസായത്തിനും കൃഷിക്കും ചെറുകിട വ്യവസായങ്ങൾക്കും വിനോദസഞ്ചാരത്തിനും വലിയ നേട്ടമായിരിക്കും. ഏതാണ്ട് ഒറ്റപ്പെട്ട് കിടക്കുന്ന കുത്താമ്പുള്ളി ഗ്രാമത്തിൽ സാമ്പത്തികവും സാമൂഹികവുമായ മാറ്റങ്ങൾക്ക് വഴിതെളിക്കുന്നതായിരിക്കും പുതിയ പാലം. പദ്ധതി പൂർത്തിയാകുന്നതോടെ ചുറ്റുമുള്ള ഗ്രാമങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാകുന്നതിനും സാമ്പത്തിക വളർച്ച ഉണ്ടാകുന്നതിനും ഇടയാകും.

മുകളിൽ പറഞ്ഞ വസ്തുതകൾ സ്ഥലസന്ദർശനം നടത്തിയപ്പോൾ സമിതി അംഗങ്ങൾക്ക് ബോധ്യപ്പെട്ടതിനാൽ 'ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013' (RFCT LARR Act 2013)ന്റെ വ്യവസ്ഥകൾക്ക് വിധേയമായി, അർഹമായ നഷ്ടപരിഹാരം നൽകി, കൊണ്ടാഴി - കുത്താമ്പുള്ളി പാലത്തിനും അനുബന്ധ റോഡുകൾക്കും ഭൂമി ഏറ്റെടുക്കുവാൻ സമിതി ശുപാർശ ചെയ്യാൻ തീരുമാനിച്ചു.

സ്ഥല സന്ദർശനത്തിനോടൊപ്പം ചേർന്ന സമിതി യോഗം ഇക്കാര്യങ്ങൾ ഉൾപ്പെടുത്തി അന്തിമ റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുവാൻ സമിതി ചെയർപേഴ്സണെ ചുമതലപ്പെടുത്തി.

30.7.2020

സമിതി ചെയർപേഴ്സൺ

(ഡോ.ചാക്കോ ജോസ് പി)

## തൃശ്ശൂർ ജില്ലയിലെ കൊണ്ടാഴി - കുത്താമ്പുള്ളി പാലം, അനുബന്ധ റോഡ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് നടത്തിയ സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്താൻ ബഹുമാനപ്പെട്ട തൃശ്ശൂർ ജില്ലാ കലക്ടർ രൂപീകരിച്ച വിദഗ്ധ സമിതിയുടെ യോഗം

തിയ്യതി : 16.07.2020

ഹാജർ - സമിതി അംഗങ്ങൾ

| No | സമിതി അംഗത്തിന്റെ പേരും വിലാസവും | ഒപ്പ് |
|---|---|---|
| 1 | ഡോ. ചാക്കോ ജോസ് പി.<br>(സാമൂഹ്യ ശാസ്ത്രജ്ഞൻ -<br>വിദഗ്ധ സമിതി ചെയർപേഴ്സൺ) | |
| 2 | ഡോ. ജോർജ്ജ് അലക്സ്<br>(സാമൂഹ്യ ശാസ്ത്രജ്ഞൻ) | |
| 3 | ശ്രീ. പി.കെ. ഗോപാലൻ,<br>(പുനരധിവാസ പ്രവർത്തന വിദഗ്ധൻ) | 16/7/20 |
| 4 | ശ്രീ. രാമചന്ദ്രൻ പി.സി,<br>(പുനരധിവാസ പ്രവർത്തന വിദഗ്ധൻ) | |
| 5 | ശ്രീ. സന്തോഷ് കുമാർ എം.കെ.<br>അസി. എക്സി. എഞ്ചിനീയർ,<br>PWD പാലങ്ങൾ ഉപവിഭാഗം, തൃശ്ശൂർ | |
| 6 | ശ്രീമതി. സത്യഭാമ പി. കെ.,<br>മെമ്പർ - വാർഡ് 4,<br>കൊണ്ടാഴി ഗ്രാമ പഞ്ചായത്ത് | |
| 7 | ശ്രീ. ലക്ഷ്മണൻ,<br>മെമ്പർ - വാർഡ് 1,<br>തിരുവില്വാമല ഗ്രാമ പഞ്ചായത്ത് | |

### യോഗ തീരുമാനങ്ങൾ

സമിതിയുടെ ആദ്യ യോഗം ചേരുകയും കൊണ്ടാഴി - കുത്താമ്പുള്ളി പാലം, അനുബന്ധ റോഡ് നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായ യൂത്ത് സോഷ്യൽ സർവീസ് ഓർഗനൈസേഷൻ, കോതമംഗലം തയ്യാറാക്കിയ റിപ്പോർട്ട് വിശദമായി പരിശോധിക്കുകയും ചെയ്തു.

തൃശ്ശൂർ ജില്ലയിൽ തലപ്പിള്ളി താലൂക്കിലെ കൊണ്ടാഴി, കണിയാർക്കോട് വില്ലേജുകളിൽ ഉൾപ്പെട്ട സ്ഥലമാണ് പദ്ധതി പ്രദേശം. തിരുവില്വാമല - കൊണ്ടാഴി പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ഗായത്രി പുഴയ്ക്ക് കുറുകെയാണ് നിർദ്ദിഷ്ട പാലം. ഇത് പൂർത്തിയായാൽ പ്രദേശത്തെ യാത്ര വളരെ സുഗമമാകും.

കൊണ്ടാഴി - കുത്താമ്പുള്ളി പാലത്തിന്റെ ആകെ നീളം 183.30 മീറ്റർ ആണ്. ആകെ വീതി 11.05 മീറ്റർ ആണ്. ഇരു വശത്തും ഫുട്പാത്തും ഉണ്ട്. അപ്രോച്ച് റോഡിന്റെ നീളം കുത്താമ്പുള്ളി ഭാഗത്ത് 740 മീറ്ററും വീതി 15 മീറ്ററും ആണ്. കൊണ്ടാഴി ഭാഗത്ത് 300 മീറ്ററും വീതി 15 മീറ്ററും ആണ്. നിർദ്ദിഷ്ട പദ്ധതിക്കായി 1.6069 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. പദ്ധതി പ്രദേശത്ത് ഉള്ളത് ഫലദായക വൃക്ഷങ്ങൾ ഉള്ള ഭൂമിയാണ്.

ചീരക്കുഴി ഇറിഗേഷൻ പ്രദേശത്ത് ഉൾപ്പെടുന്ന ഭൂമിയും പദ്ധതി പ്രദേശത്തിൽ ഉൾപ്പെടുന്നു. പ്രസ്തുത സ്ഥലത്ത് 800 സ്ക്വയർ മീറ്ററിൽ താമസമുള്ള കെട്ടിടം, അതിൽത്തന്നെ ഉൾപ്പെടുന്ന ഭക്ഷണ ശാല (ഹോട്ടൽ), ഷീറ്റ് മേഞ്ഞ ചെറിയ മുറി, സ്റ്റോർ റൂം എന്നിവ ഉൾപ്പെടുന്നു.

സാമുഹ്യ ആഘാത പഠന റിപ്പോർട്ട് തയ്യാറാക്കാൻ വിളിച്ചുചേർത്ത പൊതുവിസ്താരത്തിൽ ഭൂമി നഷ്ടമാകുന്ന എല്ലാ വ്യക്തികളും, ന്യായമായ നഷ്ടപരിഹാരം ലഭിച്ചാൽ, സ്ഥലം വിട്ടുകൊടുക്കാൻ സമ്മതമാണെന്ന് അറിയിച്ചു എന്നുള്ളതാണ് ഈ പദ്ധതിയുടെ ഒരു പ്രത്യേകത. പദ്ധതി എത്രയും പെട്ടെന്ന് യാഥാർത്ഥ്യമാക്കണം എന്നും അവർ ആവശ്യപ്പെട്ടു.

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് വിലയിരുത്താൻ 30.07.2020 ന് പദ്ധതി പ്രദേശം സന്ദർശിക്കാൻ വിദഗ്ധ സമിതി തീരുമാനിച്ചു.

തൃശ്ശൂർ

16.07.2020

വിദഗ്ധ സമിതി ചെയർപേഴ്സൺ

(ഡോ. ചാക്കോ ജോസ് പി)